ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 19-06-2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ലോകരാജ്യങ്ങൾ ആഗ്രഹിക്കുന്ന വിശ്വസ്ത പങ്കാളിയായി ഇന്ത്യ വളർന്നുവരികയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി; ഫ്രാൻസ് സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി ഇന്ത്യയിലേക്ക് മടങ്ങി.

   **Prime Minister Narendra Modi has said that India is emerging as a trusted partner to the world. Prime Minister has left for New Delhi after concluding France visit.**

2. പ്രധാൻമന്ത്രി വികസിത് ഭാരത് റോസ്ഗാർ യോജനയ്ക്ക് കീഴിൽ 2,400 കോടി രൂപയുടെ ആനുകൂല്യങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ വിതരണം ചെയ്യും.

   **Prime Minister Narendra Modi will distribute benefits worth ₹2,400 crore under the Pradhan Mantri Viksit Bharat Rozgar Yojana in New Delhi today.**

3. കേരളത്തിൽ വി ഡി സതീശൻ നയിക്കുന്ന യുഡിഎഫ് സർക്കാരിന്റെ ആദ്യ ബജറ്റ് ഇന്ന്. ബജറ്റ് അവതരണം രാവിലെ 9 മണി മുതൽ.

   **The first Budget of the UDF government in Kerala, led by V. D. Satheesan, will be presented today. The Budget presentation will begin at 9 a.m.**

4. 'വായനയാണ് വികസനം' എന്ന പ്രമേയവുമായി ഇന്ന് വായനാ ദിനം. ഒരു മാസത്തെ ദേശീയ വായന മഹോത്സവത്തിനും തുടക്കമാകും.

Reading Day is being observed today with the theme, "Reading is Development." A month-long National Reading Festival will also commence today.

5. കേരളത്തിൽ ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യത. എറണാകുളം, തൃശ്ശൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

Isolated rainfall accompanied by thunderstorms is likely in Kerala. An Orange Alert has been issued in Ernakulam and Thrissur districts.

6. ഫിഫ ലോകകപ്പ് ഫുട്ബോളിൽ ക്യാനഡക്കും സ്വിറ്റ്സർലൻഡിനും വൻ ജയം.

Canada and Switzerland registered emphatic victories in the FIFA World Cup football tournament.

************************

## PM RETURNS

പ്രധാനമന്ത്രി നരേന്ദ്ര മോദി പാരീസ് സന്ദർശനം പൂർത്തിയാക്കി ഇന്ത്യയിലേക്ക് മടങ്ങി. ഫ്രാൻസിലേക്കും സ്ലോവാക്യയിലേക്കുമുള്ള സന്ദർശനത്തിൻറെ മൂന്നാം ഘട്ടമായാണ് അദ്ദേഹം ഫ്രാൻസിലെത്തിയത്. ഇന്ത്യ-ഫ്രാൻസ് സൗഹൃദം വരും കാലങ്ങളിൽ കൂടുതൽ ശക്തമാകുമെന്ന് ശ്രീ നരേന്ദ്ര മോദി സമൂഹമാധ്യമത്തിൽ കുറിച്ചു. പ്രധാനമന്ത്രിക്ക് യാത്ര അയയ്പ്പ് നൽകി ഹിന്ദിയിൽ ആശംസകൾ നേർന്ന് കൊണ്ടുള്ള വിഡീയോ ഫ്രഞ്ച് പ്രസിഡൻറ് ഇമ്മാനുവേൽ മാക്രോൻ പങ്കുവെച്ചു.

************************

## PM - PARIS VISIT (INTRO)

ലോകരാജ്യങ്ങൾ ആഗ്രഹിക്കുന്ന വിശ്വസ്ത പങ്കാളിയായി ഇന്ത്യ വളർന്നുവരികയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പാരീസിലെ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വ്യാപാര മേഖലയെ മാത്രം അടിസ്ഥാനമാക്കി രാജ്യങ്ങൾ തമ്മിലുള്ള ബന്ധത്തെ വിലയിരുത്തുന്ന ഒരു കാലഘട്ടം നിലനിന്നിരുന്നു. എന്നാൽ ഇന്ന് ഈ ബന്ധത്തിൽ

വ്യാപാരത്തോടൊപ്പം വിശ്വസ്തതയ്ക്കും പ്രാധാന്യം നൽകുന്ന കാലമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

(വോയ്സ്)

പാരിസിൽ നടന്ന വിവാടെക് ഉച്ചകോടിയെയും ശ്രീ നരേന്ദ്ര മോദി ഇന്നലെ അഭിസംബോധന ചെയ്തു.

**********************

## PREZ - SICKLE CELL

മധ്യപ്രദേശിലെ ഓംകാരേശ്വറിൽ നടക്കുന്ന അന്താരാഷ്ട്ര അരിവാൾ രോഗ ദിനാചരണ പരിപാടിയിൽ രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് പങ്കെടുക്കും. തുടർന്ന് ഒഡീഷയിലെ റായ്‌രംഗ്പൂരിൽ എത്തുന്ന രാഷ്ട്രപതി, എയിംസ് ഭുവനേശ്വർ സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പ് ഉൾപ്പെടെ നിരവധി വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യും.

**********************

## VP - LADAKH VISIT

ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ലഡാക്കിലെ ലേയിൽ എത്തും. അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന പരിപാടിയിൽ അദ്ദേഹം പങ്കെടുക്കും. ലുകുങ് ഗ്രാമം നാളെ സന്ദർശിക്കുന്ന ഉപരാഷ്ട്രപതി, പ്രാദേശിക സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങളുമായി ആശയവിനിമയം നടത്തും. യുദ്ധ സ്മാരകവും അദ്ദേഹം സന്ദർശിക്കും.

**********************

## PM-VBRY

പ്രധാൻ മന്ത്രി വികസിത് ഭാരത് റോസ്ഗാർ യോജനയ്ക്ക് കീഴിൽ 2,400 കോടി രൂപയുടെ ആനുകൂല്യങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ വിതരണം ചെയ്യും. വൈകിട്ട് ഓൺലൈനായി ആണ് പരിപാടി നടക്കുന്നത്. ഇതോടനുബന്ധിച്ച് തിരുവനന്തപുരം, കൊല്ലം, കോട്ടയം, കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലും EPFO യുടെ ആഭിമുഖ്യത്തിൽ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

**************************

## INTER MINISTERIAL BRIEFING (INTRO)

രാജ്യത്തെ എല്ലാ റിഫൈനറികളും ഉയർന്ന കാര്യക്ഷമത യോടെ പ്രവർത്തിക്കുന്നുണ്ടെന്ന് പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയ ജോയിന്റ് സെക്രട്ടറി സുജാത ശർമ്മ. പെട്രോൾ, ഡീസൽ ശേഖരം ആവശ്യത്തിന് നിലനിർത്തുന്നുണ്ടെന്നും ന്യൂഡൽഹിയിൽ അന്തർ മന്ത്രാലയ വാർത്താസമ്മേളനത്തിൽ അവർ അറിയിച്ചു.

(വോയിസ്)

**************************

## YOGA DAY

അന്താരാഷ്ട്ര യോഗാ ദിനത്തിനുള്ള ഒരുക്കങ്ങൾ രാജ്യത്ത് പുരോഗമിക്കുന്നു. കൊൽക്കത്തയിൽ ഈ മാസം 21ന് നടക്കുന്ന യോഗ ദിനാചരണ പരിപാടികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി നേതൃത്വം നൽകും. "ആരോഗ്യകരമായ വാർദ്ധക്യത്തിന് യോഗ" എന്നതാണ് ഇത്തവണത്തെ യോഗ ദിനാചരണ പ്രമേയം. യോഗ ദിനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഞായറാഴ്ച ആരോഗ്യമന്ത്രി കെ മുരളീധരൻ നിർവഹിക്കും.

**************************

## YOGA DAY - RAJBHAVAN

അന്താരാഷ്ട്ര യോഗദിനത്തിന്റെ ഒരുക്കം വിലയിരുത്താൻ ഗവർണർ വിവിധ വകുപ്പുകളുടെ യോഗം വിളിച്ചു ചേർത്ത സംഭവത്തിൽ മുഖ്യമന്ത്രിയുടെ ഓഫീസ് വിശദാംശങ്ങൾ ആരാഞ്ഞു. ഒരു പ്രത്യേക യോഗമെന്ന നിലയിലല്ല ഉദ്യോഗസ്ഥരെ വിളിച്ചതെന്നും യോഗാദിനത്തെ കുറിച്ചുള്ള ആശയവിനിമയം മാത്രമാണ് നടന്നതെന്നും ഗവർണറുടെ സെക്രട്ടറി ചീഫ് സെക്രട്ടറിയെ ഔദ്യോഗികമായി അറിയിച്ചു. യോഗം ചേർന്നതിലുള്ള സർക്കാരിന്റെ അസംതൃപ്തി രേഖപ്പെടുത്തി ചീഫ് സെക്രട്ടറി ലോക്ഭവന് കത്തും നൽകിയിട്ടുണ്ടെന്നും മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചു.

**************************

## PADMA AWARD

2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിക്കും. രാഷ്ട്രപതി ഭവനിൽ ഈ മാസം 23 ന് നടക്കുന്ന ചടങ്ങിൽ അവാർഡുകൾ വിതരണം ചെയ്യും. കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയ സഹമന്ത്രി എൽ. മുരുഗൻ ചെന്നൈ ആകാശവാണിയിൽ നടന്ന ചടങ്ങിൽ പത്മശ്രീ പുരസ്കാര ജേതാവ് ഡോ. ആർ. ശ്രീധറിനെ ആദരിച്ചു. പ്രക്ഷേപണ രംഗത്തെ സവിശേഷ വ്യക്തിത്വമാണ് ഡോ. ആർ. ശ്രീധറെന്ന് ചടങ്ങിൽ സംസാരിച്ച ആകാശവാണി-ദൂരദർശൻ ഡയറക്ടർ ജനറൽ രാജീവ് കുമാർ ജെയിൻ വിശേഷിപ്പിച്ചു.

**********************

## CENSUS – KERALA

കേരളത്തിൽ സെൻസസ് 2027 ന്റെ ഭാഗമായി സെൽഫ് എന്യൂമറേഷൻ നടപടികൾ പുരോഗമിക്കുന്നു. ഈ മാസം അവസാനം വരെ നീളുന്ന സെൽഫ് എന്യൂമറേഷൻ കാലയളവിൽ പൊതുജനങ്ങൾക്ക് se.census.gov.in എന്ന പോർട്ടലിലൂടെ വിവരങ്ങൾ സമർപ്പിക്കാം.

**********************

## KERALA BUDGET (INTRO)

കേരളത്തിൽ വി ഡി സതീശൻ നയിക്കുന്ന യുഡിഎഫ് സർക്കാരിന്റെ ആദ്യ ബജറ്റ് ഇന്ന് അവതരിപ്പിക്കും. ധനവകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രിയാണ് പുതുക്കിയ ബജറ്റ് നിയമസഭയിൽ അവതരിപ്പിക്കുന്നത്.

**വിശദാംശങ്ങളിലേക്ക്.........**

**(വോയ്സ്)**

പത്തുവർഷത്തിനുശേഷം അധികാരത്തിലെത്തിയ യുഡിഎഫ് സർക്കാരിന്റെ ആദ്യ ബജറ്റിൽ ജനക്ഷേമ പദ്ധതികൾക്കും ജീവനക്കാരുടെ ആനുകൂല്യങ്ങൾക്കും മുൻഗണനയുണ്ടാകുമെന്നാണ് പ്രതീക്ഷ. ധനകാര്യ വകുപ്പിന്റെ ചുമതല കൂടി വഹിക്കുന്ന മുഖ്യമന്ത്രി വി ഡി സതീശൻ, രാവിലെ ഒൻപത് മണിക്ക് നിയമസഭാ നടപടികൾ ആരംഭിക്കുന്നതോടെ ബജറ്റ് പ്രസംഗം തുടങ്ങും. സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി

മറികടക്കാൻ വരുമാന വർദ്ധന ലക്ഷ്യമിട്ടുള്ള നിർദ്ദേശങ്ങൾ ബജറ്റിലുണ്ടാകുമെന്നാണ് വിലയിരുത്തപ്പെടുന്നത്. സർക്കാർ പുറത്തുവിട്ട ധവളപത്രത്തിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ, വിഭവസമാഹരണത്തിനായി പുതിയ പരിഷ്കാരങ്ങൾ പ്രഖ്യാപിച്ചേക്കും. സാമ്പത്തിക നിയന്ത്രണങ്ങൾക്കിടയിലും സാധാരണക്കാർക്കും ജീവനക്കാർക്കും ആശ്വാസം നൽകുന്ന പ്രഖ്യാപനങ്ങൾ ബജറ്റിലുണ്ടാകുമെന്ന് മുഖ്യമന്ത്രി സൂചന നൽകിയിട്ടുണ്ട്. യുഡിഎഫിന്റെ തിരഞ്ഞെടുപ്പ് വാഗ്ദാനമായിരുന്ന 'ഇന്ദിര ഗ്യാരണ്ടി' പദ്ധതികൾക്കുള്ള തുക വകയിരുത്തലും, സർക്കാർ ജീവനക്കാരുടെ ഡി.എ വർദ്ധന അടക്കമുള്ള ആനുകൂല്യങ്ങളും ബജറ്റിന്റെ പ്രധാന ആകർഷണമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**ന്യൂസ് ഡെസ്ക്, ആകാശവാണി.**

***************************

## SPECIAL BULLETIN

സംസ്ഥാന ബജറ്റിനോടനുബന്ധിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം ഇന്ന് പ്രത്യേക വാർത്താ ബുള്ളറ്റിൻ പ്രക്ഷേപണം ചെയ്യും. രാവിലെ 11 മണിക്ക് 5 മിനിറ്റ് ദൈർഘ്യമുള്ള ബുള്ളറ്റിന് പുറമെ ഉച്ചയ്ക്ക് 12.30നും വൈകിട്ട് 6.30 നുമുള്ള പ്രാദേശിക വാർത്തകൾ 15 മിനിറ്റ് വീതമായിരിക്കും. രാത്രി 9.15 ന് സംസ്ഥാന ബജറ്റിനെ കുറിച്ചുള്ള പ്രത്യേക പരിപാടിയും പ്രക്ഷേപണം ചെയ്യും.

***************************

## NAITONAL READING DAY

ഇന്ന് വായനാദിനം. 'വായനയാണ് വികസനം' എന്നതാണ് ഈ വർഷത്തെ പ്രമേയം. ദേശീയ വായന മഹോത്സവത്തിനും ഒരു മാസം നീളുന്ന വായനാഘോഷങ്ങൾക്കും ഇന്ന് തുടക്കമാകും. പി എൻ പണിക്കർ ഫൗണ്ടേഷൻ സംഘടിപ്പിക്കുന്ന പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് മുഖ്യമന്ത്രി വി. ഡി. സതീശൻ നിർവഹിക്കും.

***************************

## GOVT - 12 YEARS - ASHTLAKSHMI

കഴിഞ്ഞ 12 വർഷത്തിനിടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ അഭൂതപൂർവമായ വികസനമാണ് ഉണ്ടായത്. 'അഷ്ടലക്ഷ്മി' എന്നറിയപ്പെടുന്ന എട്ട് സംസ്ഥാനങ്ങളെ ദേശീയ മുഖ്യധാരയുമായി ബന്ധിപ്പിക്കുന്നതിൽ വലിയ പുരോഗതി കൈവരിച്ച്. 'പ്രധാനമന്ത്രി ഗ്രാം സഡക് യോജന' പ്രകാരം 47,270 കോടി രൂപ ചിലവഴിച്ച് 46,290 കിലോമീറ്റർ ഗ്രാമീണ റോഡുകൾ നിർമ്മിച്ചു. ഗ്രീൻഫീൽഡ് വിമാനത്താവളങ്ങളുടെ എണ്ണം 17 ആയി ഉയർന്നു.

***********************

## MOS SURESH GOPI

കേന്ദ്ര സർക്കാരിന്റെ 12 വർഷത്തെ വികസന നേട്ടങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂരിൽ സംഘടിപ്പിച്ച 'നവഭാരത സദസ്സും വികസിത ഭാരത കൺവെൻഷനും' കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്തു. രാജ്യത്തെ ജനങ്ങളുടെ ക്ഷേമവും സുസ്ഥിര വികസനവും ലക്ഷ്യമിട്ടുള്ള ഭരണമാണ് കഴിഞ്ഞ 12 വർഷമായി നടപ്പിലാക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

***********************

## KIRTI VARDHAN SINGH (INTRO)

കേന്ദ്ര സഹമന്ത്രി കീർത്തി വർധൻ സിംഗ് നാല് ദിവസത്തെ സന്ദർശനത്തിനായി ലക്ഷദ്വീപിൽ എത്തി. അഗത്തി വിമാനത്താവളത്തിൽ ഇന്നലെ എത്തിയ അദ്ദേഹത്തെ കളക്ടർ ശിവം ചന്ദ്ര, ഡപ്യൂട്ടി കലക്ടർ മൻദീപ് കുമാർ തുടങ്ങിയവർ ചേർന്ന് സ്വീകരിച്ചു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലക്ഷദ്വീപ് പ്രതിനിധി അബ്ദുൾസലാം.**

**(വോയ്സ്)**

***********************

## Kerala -RAIN

കേരളത്തിൽ ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എറണാകുളം, തൃശൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. പത്തനംതിട്ട, കോട്ടയം, ഇടുക്കി,

പാലക്കാട്, മലപ്പുറം കോഴിക്കോട് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദ്ദേശവമുണ്ട്.

**********************

## FIFA WORLDCUP

ലോകകപ്പ് ഫുട്ബോളിൽ ഗ്രൂപ്പ് ബി മത്സരങ്ങളിൽ ക്യാനഡക്കും സ്വിറ്റ്സർലൻഡിനും വൻ വിജയം. ക്യാനഡ ഖത്തറിനെ എതിരില്ലാത്ത ആറു ഗോളിന് തകർത്തു. ഒന്നിനെതിരെ നാലു ഗോളിനാണ് ബോസ്നിയക്കെതിരെ സ്വിസ് ജയം. ഗ്രൂപ്പ് എയിൽ ദക്ഷിണാഫ്രിക്കയും ചെക്ക് റിപബ്ലിക്കും ഓരോ ഗോൾ നേടി സമനിലയിൽ പിരിഞ്ഞു. മെക്സിക്കോ ദക്ഷിണകൊറിയ മത്സരം ഇപ്പോൾ പുരോഗമിക്കുകയാണ്. ആദ്യ പകുതിയിൽ ആരും ഗോൾ നേടിയിട്ടില്ല.

**********************

*************

**********